"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ-എറണാകുളം ഡി.സി.ബി യിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്കായി ബ്രിഡ്ജ് ലോൺ ആയി വായ്പയെടുത്ത തുകയുടെ 14.5.2020 വരെയുള്ള മുതലും (അവസാന ഗഡു) ആയതിന്മേലുള്ള പലിശയുമായി 138,21,40,223/- രൂപ ലൈഫ് മിഷന്റെ 4515-00-102-49(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സിയ്ക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2004/2020/LSGD തീയതി,തിരുവനന്തപുരം, 23/10/2020

---

പരാമർശം:- 1 ജി.ഒ(സാധാ) നം. 688/2019/ത.സ്വ.ഭ.വ തീയതി

2 സ.ഉ(സാധാ)നം. 1902/2019/ത.സ്വ.ഭ.വ തീയതി 03/09/2019.

3 ജി.ഒ(സാധാ) നം. 1026/2019/ത.സ്വ.ഭ.വ തീയതി 22/05/2019.

4 സ.ഉ(കൈ)നം. 71/2019/ത.സ്വ.ഭ.വ തീയതി 22/06/2019.

5 സ.ഉ(കൈ)നം. 123/2019/ത.സ്വ.ഭ.വ തീയതി 03/10/2019.

6 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 25/05/2020-ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/713/2019(13) നമ്പർ കത്ത്.

7 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.6.2020-ലെ എൽ.എഫ് 18/ഫിൻ/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ഡി . സി . ബി യിൽ നിന്നും 2019 മാർച്ച് മാസം പരാമർശം (1) പ്രകാരം 425 കോടി രൂപ കെ . യു . ആർ . ഡി . എഫ് . സി , ലൈഫ് മിഷൻ പദ്ധതിക്കായി വായ്പയെടക്കുകയുണ്ടായി. 13 മാസമായിരുന്നു വായ്പ കാലാവധി . ഈ വായ്പയ്ക്ക് പരാമർശം (2) പ്രകാരം സർക്കാർ ഗ്യാരന്റിയും നൽകിയിരുന്നു . വായ്പാ കാലാവധി 2020 ഏപ്രിൽ മാസം അവസാനിച്ചു . പരാമർശം (3) പ്രകാരം ഈ വായ്പ ലൈഫ് പദ്ധതിയിൽ സംസ്ഥാന വിഹിതമായി പുന : ക്രമീകരിച്ച സാഹചര്യത്തിൽ വായ്പ തുക പലിശ സഹിതം ലൈഫ് മിഷൻ ഫണ്ടിൽ നിന്നുമാണ് തിരിച്ചടവുനടത്തുന്നത്. മൂന്ന് ഗഡുക്കളായി നാളിതുവരെ 320,43,74,282/-(മുന്നൂറ്റിഇരുപത് കോടി നാൽപത്തിമൂന്നു ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ട് രൂപ - മുതലും പലിശയുമുൾപ്പെടെ )തിരിച്ച് അടയ്ക്കുകയുണ്ടായി .

എറണാകുളം ജില്ലാ സഹകരണ ബാങ്കുമായി ഒപ്പുവച്ച കരാർ പ്രകാരമുള്ള വായ്പാ കാലാവധിയും സർക്കാർ ഗ്യാരണ്ടിയുടെ കാലാവധിയും 26/04/2020-ൽ അവസാനിച്ചിരുന്നുവെന്നും ആയതിനാൽ

കുടിശ്ശിക തുക എത്രയും വേഗം ഒടുക്കി വായ്പ തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും എറണാകുളം ജില്ലാ സഹകരണ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും 14/05/2020 വരെയുള്ള കുടിശ്ശിക ബാങ്ക് ലഭ്യമാക്കിയ പട്ടിക പ്രകാരം മുതൽ - 130,76,92,316/- (നൂറ്റിമുപ്പതു കോടി എഴുപത്താറ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി മുന്നൂറ്റി പതിനാറ്) രൂപയും പലിശ (@9.5%) 7,44,47,907/- (ഏഴു കോടി നാൽപത്തിനാല് ലക്ഷത്തി നാൽപത്തേഴായിരത്തി തൊള്ളായിരത്തി ഏഴ്) രൂപയും പിഴ പലിശ (@ 3%) 1,14,04,219 (ഒരു കോടി പതിനാലുലക്ഷത്തി നാലായിരത്തിഇരുന്നൂറ്റി പത്തൊൻപത് ) രൂപയും ചേർന്ന് ആകെ 139,35,44,442 (നൂറ്റിമുപ്പത്തൊൻപത് കോടി മുപ്പത്തഞ്ച് ലക്ഷത്തി നാൽപത്തിനാലായിരത്തി നാനൂറ്റിനാൽപത്തി രണ്ട് ) രൂപയാണ്. ഇതിൽ പിഴപ്പലിശ ഒഴിവാക്കി ബാക്കി തുകയായ 138,21,40,223 (നൂറ്റിമുപ്പത്തിഎട്ട് കോടി ഇരുപത്തിഒന്ന് ലക്ഷത്തിനാൽപതിനായിരത്തി ഇരുനൂറ്റി ഇരുപത്തിമൂന്നു) രൂപ കേരള സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് ബാങ്ക് എറണാകുളം ജില്ലക്ക് ലഭ്യമാക്കുന്നതിനായി ലൈഫ് മിഷന്റെ 4515-00-102-49 സമ്പൂർണ്ണ ഭവന പദ്ധതി Rural Life Parpida Mission എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും കെ . യു . ആർ . ഡി . എഫ് . സി . ക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (6) പ്രകാരം കെ . യു . ആർ . ഡി . എഫ് . സി . മാനേജിംഗ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. ബാങ്ക് നല്കിയിട്ടുള്ള 425 കോടി രൂപയ്ക്കും സർക്കാർ ഗ്യാരണ്ടി നല്കിയിട്ടുള്ളത് കണക്കിലെടുത്തും ലൈഫ് മിഷൻ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ജനക്ഷേമ പദ്ധതിയായതിനാലും വായ്പയിന്മേൽ ചുമത്തിയിട്ടുള്ള പിഴപ്പലിശ കുറച്ച് തുക നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (7) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എറണാകുളം ഡി.സി.ബി യിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്കായി ബ്രിഡ്ജ് ലോൺ ആയി വായ്പയെടുത്ത തുകയുടെ 14.5.2020 വരെയുള്ള മുതലും (അവസാന ഗഡു) ആയതിന്മേലുള്ള പലിശയുമായി 138,21,40,223/- (നൂറ്റിമുപ്പത്തിഎട്ട് കോടി ഇരുപത്തിഒന്ന് ലക്ഷത്തിനാൽപതിനായിരത്തി ഇരുനൂറ്റി ഇരുപത്തിമൂന്നു)രൂപ ലൈഫ് മിഷന്റെ 4515-00-102-49(P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സിയ്ക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

മാനേജിങ്ങ് ഡയറക്ടർ, കെയുആർഡി എഫ് സി.

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.

മാനേജിങ്ങ് ഡയറക്ടർ,എറണാകുളം ജില്ലാ സഹകരണ ബാങ്ക്, കാക്കനാട് കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ((എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്) .

അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (1.10.2020-ലെ ഡെവ-2/57/2019-ഫിൻ നം. കുറിപ്പ്) .

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ